15 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ-മാതൃഭാഷ

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് – ജീവനക്കാര്യം – ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 20/02/2009 ലെ ജി.ഒ (പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
2. 20/01/2016 ലെ ജി.ഒ (പി) നമ്പർ 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
3. ഈ ആഫീസിലെ 24/12/2019 ലെ ഇ.എ(1) 2019/2019/ ഡിഇഎസ് നമ്പർ ഉത്തരവ്.
4. ഈ ആഫീസിലെ 27/07/2019 ലെ ഡിഇഎസ്/463/2020 ഇ.എ(1) നമ്പർ ഉത്തരവ്
5. തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 11/08/2020 ലെ ഇ(1)1368/2020/ഡിഒറ്റി നമ്പർ കത്ത്
6. കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 13/08/2020 ലെ എ2-1916/2020/ഡിഒകെ നമ്പർ കത്ത്
7. കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 13/08/2020 ലെ ഇബി(2)2123/2020/ഡിഎസ്ഡി നമ്പർ കത്ത്
8. മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12/08/2020 ലെ എ1-2110/2020/ഡിഒഇഎസ്എം നമ്പർ കത്ത്.
9. കോട്ടയം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 16/08/2019 ലെ എ2-2673/2019/ഡിഒകെ എൽഡിസ് നമ്പർ കത്ത്.
10. ശ്രീമതി.സെലിനാമ്മ നൈനാൻ, ഓഫീസ് അറ്റൻഡന്റിന്റെ 19/06/2020 ലെ സമർപ്പണം.
11. ഗ്രഡേഷൻ സെല്ലിന്റെ 16/11/2019 ലെ 21471/2019/ ഡിഇഎസ് നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

### ഉത്തരവ് നം.ഇ.എ (3) 21000/2019/ഡിഇഎസ്, തീയതി. 27/08/2020

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ഓഫീസ് അറ്റൻഡന്റ് സർവ്വീസിൽ ബി.എ(ഇക്കണോമിക്സ്) /ബി.എസ്.സി (മാത്ത്സ്/ സ്റ്റാറ്റിസ്റ്റിക്സ്) / ബി.കോം [വിത്ത് സ്റ്റാറ്റിസ്റ്റിക്സ്/ ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് ] യോഗ്യത ഉള്ളവരും വകുപ്പിൽ മൂന്നു വർഷ സേവനം പൂർത്തിയായിട്ടുള്ളതുമായ ജീവനക്കാർക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

പരാമർശം (11) പ്രകാരമുള്ള ഓഫീസ് അറ്റൻഡന്റ്മാരുടെ സീനിയോരിറ്റി ലിസ്റ്റ് അനുസരിച്ച് താഴെ പറയുന്ന ജീവനക്കാർക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീമതി.സിനി.പി | 36 | സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, മലപ്പുറം |
| 2 | ശ്രീമതി.ഭാഗ്യലക്ഷ്മി.പി.എസ് | 38 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസ്, കാഞ്ഞിരപ്പള്ളി. |
| 3 | ശ്രീമതി.സെലിനാമ്മാ നൈനാൻ | 40 | സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ചുവടെ ചേർത്ത പ്രകാരം നിയമനം നൽകണമെന്ന് ജീവനക്കാർ ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ഓപ്ഷൻ സമർപ്പിച്ച ജില്ല |
|---|---|---|
| 1 | ശ്രീമതി.സിനി.പി | കോഴിക്കോട് |
| 2 | ശ്രീമതി.ഭാഗ്യലക്ഷ്മി.പി.എസ് | കോട്ടയം |
| 3 | ശ്രീമതി.സെലിനാമ്മാ നൈനാൻ | തിരുവനന്തപുരം |

തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിലിവിൽ ഒഴിവില്ലെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി ഓഫീസ് അറ്റൻഡന്റമാർക്ക് 22200-48000 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനോടൊപ്പം കോവിഡ്-19 വ്യാപനം നിലനിൽക്കുന്നതിനാൽ ടി ജീവനക്കാർ ഓപ്ഷൻ സമർപ്പിച്ച ജില്ലകളിൽ നിലവിലുള്ള ഒഴിവിൽ താൽക്കാലിക നിയമനം നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ പ്രസ്തുത ജീവനക്കാർക്ക് താല്ക്കാലികമായി നിയമനം നടത്തേണ്ടതും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ തസ്തിക മാറ്റ നിയമനത്തിന് ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിൽ ക്രമീകരിക്കേണ്ടതുമാണ്. ആയതിന് മുൻപ് പി.എസ്.സി മുഖേന നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ ഹാജരാകുന്ന പക്ഷം പ്രസ്തുത ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിന് തദവസരത്തിൽ ഒഴിവുള്ള ജില്ലകളിൽ മാറ്റി നിയമിക്കുന്നതായിരിക്കും.

ടി ജീവനക്കാർ യഥാസമയം വിടുതൽ വാങ്ങി ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ബന്ധപ്പെട്ട നിയമനാധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും, ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**നിപുൺ ജോസഫ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, തിരുവനന്തപുരം, കോട്ടയം, മലപ്പുറം, കോഴിക്കോട്.
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
3) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ന്റെ സി.എ
4) ഗ്രഡേഷൻ സെൽ / അക്കൗണ്ട്സ്/ വിജിലൻസ്
5) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

എസ്എം